**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - 2015 ഏപ്രിൽ മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിനും ഫണ്ട് മുൻകൂർ പിൻവലിയ്ക്കുന്നതിനും അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ- എ) വകുപ്പ്**

സ.ഉ. (സാധാ) നം. 4749/2015/ധന തീയതി, തിരുവനന്തപുരം, 13/05/2015

---

പരാമർശം : 1. 05/09/2014 ലെ സ.ഉ.(അച്ചടി) നം. 384/2014/ധന നമ്പർ ഉത്തരവ്

2. 13/04/2015 ന് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ നടന്ന യോഗ തീരുമാനങ്ങൾ

3. പഞ്ചായത്ത് ഡയറക്ടറുടെ 23/04/2015 തീയതിയിലെ ഡി.ബി.റ്റി 12651/15 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2015 ഏപ്രിൽ മാസത്തെ സാമൂഹ്യ ക്ഷേമ പെൻഷൻ തുക ഡി.ബി.റ്റി. സമ്പ്രദായത്തിലൂടെ അയയ്ക്കുന്നതിന് പരാമർശം (2) ലെ യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് താഴെപ്പറയുന്ന ശുപാർശകൾ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) ലെ കത്ത് പ്രകാരം സമർപ്പിയ്ക്കുകയും അനുമതി നൽകണമെന്ന് അഭ്യർത്ഥിയ്ക്കുകയും ചെയ്തിരുന്നു.

i. ഡി. ബി.റ്റി. സമ്പ്രദായത്തിലൂടെയുള്ള പെൻഷൻ വിതരണം സി.പി.എസ്.എം.എസ് (Central Plan Scheme Monitoring System) സംവിധാനത്തിലൂടെയാകണമെന്ന സർക്കാർ നിർദ്ദേശം നടപ്പാക്കാൻ വേണ്ടിയുള്ള ട്രയൽ റൺ വിജയകരമല്ലാത്തതിനാൽ ഐ.കെ.എം. വികസിപ്പിച്ചെടുത്ത പ്രത്യേക സോഫ്റ്റ് വെയർ പ്രയോജനപ്പെടുത്തി പെൻഷൻ തുക അയച്ചുകൊണ്ടുള്ള ട്രയൽ റൺ 90% വിജയകരമാണെന്ന് ബോദ്ധ്യപ്പെട്ടെന്നും ആയതിനാൽ സി.പി.എസ്.എം.എസ് സംവിധാനം ഒഴിവാക്കി ഐ.കെ.എം. സോഫ്റ്റ് വെയറിലൂടെ ഡി.ബി.റ്റി. സമ്പ്രദായം നടപ്പാക്കുന്നതിനുള്ള പ്രത്യേക ഉത്തരവ്.

ii. പ്രാദേശിക സർക്കാരുകളിൽ പെൻഷൻ വിതരണ രീതി തെരഞ്ഞെടുത്തു നൽകാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ സ്വീകരിയ്ക്കേണ്ട നടപടിയെക്കുറിച്ചും

എൻ. എസ്.എ.പി. പദ്ധതിയിൽപ്പെടാത്ത 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയിലും ഡി.ബി.റ്റി. സമ്പ്രദായം ബാധകമാക്കി തുക കൈമാറ്റം ചെയ്യേണ്ടതുണ്ടോ എന്ന കാര്യത്തിൽ വ്യക്തത വരുത്തിയ ഉത്തരവ്.

iii. 2015 ഏപ്രിൽ മാസം തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കൾക്ക് ക്ഷേമ പെൻഷൻ വിതരണത്തിനായി ആകെ വേണ്ടി വരുന്ന തുക 23,71,64,744/- രൂപ (ഇരുപത്തിമൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അറുപത്തി നാലായിരത്തി എഴുന്നൂറ്റി നാൽപ്പത്തി നാല് രൂപ മാത്രം) തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ബ്രാഞ്ചിൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേയ്ക്ക് (A/c No. 67234515304) കൈമാറ്റം ചെയ്തു ലഭിയ്ക്കുന്നതിന് അടിയന്തര നടപടി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. 2015 ഏപ്രിൽ മാസത്തിലെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ തിരുവനന്തപുരം ജില്ലയിലെ ഗുണഭോക്താക്കൾക്ക് ഐ.കെ.എം. സോഫ്റ്റ് വെയർ വഴി വിതരണം ചെയ്യുന്നതിനും, വിതരണ രീതി ഇതുവരെ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ഡി.ബി.റ്റി സമ്പ്രദായം തെരഞ്ഞെടുക്കുന്ന മുറയ്ക്ക് അതിലൂടെ വിതരണം ചെയ്യുന്നതിനും, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവയും ഡി.ബി.റ്റി. സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

3. ഇതിനു പുറമേ 2015 ഏപ്രിൽ മാസത്തെ വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ വിതരണത്തിനായി ചുവടെ ചേർത്തിരിയ്ക്കുന്ന പട്ടിക പ്രകാരം 23,71,64,744/- രൂപ (ഇരുപത്തിമൂന്ന് കോടി എഴുപത്തിയൊന്ന് ലക്ഷത്തി അറുപത്തി നാലായിരത്തി എഴുന്നൂറ്റി നാൽപ്പത്തി നാല് രൂപ മാത്രം) തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ബ്രാഞ്ചിൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് (A/c No. 67234515304) കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട അധികാരികൾ (ലേബർ കമ്മീഷണർ, ലാന്റ് റവന്യൂ കമ്മീഷണർ) മുൻകൂർ പിൻവലിച്ച് പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം എസ്.ബി.റ്റി മെയിൻ ബ്രാഞ്ചിൽ ഈ

ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേയ്ക്ക് (A/c No. 67234515304) നിക്ഷേപിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| പ്രാദേശിക സർക്കാർ | പെൻഷന്റെ ഇനം | ശീർഷകം | 2015 ഏപ്രിൽ മാസം വിതരണം ചെയ്യേണ്ട പെൻഷൻ തുക |
|---|---|---|---|
| മുനിസിപ്പൽ കോർപ്പറേഷൻ | വാർദ്ധക്യകാല പെൻഷൻ (IGNOAP) | 2235-60-191-50-97 (P) | 1,23,61,956 |
| | വിധവാ പെൻഷൻ (IGNWP) | 2235-60-191-50-99 (NP) | 1,66,44,384 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWP) | 2235-60-191-50-96 (NP) | 7,91,664 |
| | കർഷക തൊഴിലാളി പെൻഷൻ (ALP) | 2235-60-191-50-98 (NP) | 14,25,804 |
| | വികലാംഗ പെൻഷൻ (IGNDP) | 2235-02-191-50-92 (NP) | 47,88,092 |
| | | ആകെ | ***3,60,11,900*** |
| മുനിസിപ്പാലിറ്റി | വാർദ്ധക്യകാല പെൻഷൻ (IGNOAP) | 2235-60-192-50-97 (P) | 58,61,952 |
| | വിധവാ പെൻഷൻ (IGNWP) | 2235-60-192-50-99 (NP) | 57,53,440 |
| | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWP) | 2235-60-192-50-96 (NP) | 2,30,224 |
| | കർഷക തൊഴിലാളി പെൻഷൻ (ALP) | 2235-60-192-50-98 (NP) | 16,84,464 |
| | വികലാംഗ പെൻഷൻ (IGNDP) | 2235-02-192-50-92 (NP) | 17,06,312 |
| | | ആകെ | ***1,52,36,392*** |
| | വാർദ്ധക്യകാല പെൻഷൻ (IGNOAP) | 2235-60-198-50-97 (P) | 6,76,35,444 |
| | വിധവാ പെൻഷൻ (IGNWP) | 2235-60-198-50-99 (NP) | 6,80,19,040 |

| | | | |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ (UMWP) | 2235-60-198-50-96 (NP) | 24,24,528 |
| | കർഷക തൊഴിലാളി പെൻഷൻ (ALP) | 2235-60-198-50-98 (NP) | 2,67,68,484 |
| | വികലാംഗ പെൻഷൻ (IGNDP) | 2235-02-198-50-92 (NP) | 2,10,68,956 |
| | ആകെ | | *18,59,16,452* |
| മൊത്തം തുക | | | 23,71,64,744 |

4. എല്ലാ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഈ പിൻവലിക്കലിനെ ഒഴിവാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഇ.കെ. പ്രകാശ്
സ്പെഷ്യൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ)/ഓഡിറ്റ്/എൽ.ബി.എ & എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
ലേബർ കമ്മീഷണർ, തൊഴിൽ ഭവൻ
സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ, തിരുവനന്തപുരം
തിരുവനന്തപുരം ജില്ലയിലെ എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
തിരുവനന്തപുരം ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മെയിൻ ബ്രാഞ്ച്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, ഐ. & പി. ആർ.ഡി, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ